# കേരളസർവകലാശാല

നം.പി.ആർ.96/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ M. Sc Statistics (with specialization in Data Analytics) ന്യൂ ജനറേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷകൾ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി 27.05.2023. അപേക്ഷ ഫീസ് SLCM Online Portal മുഖേന മാത്രം അടയ്ക്കേണ്ടതാണ്.

### പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി 2023 ജനുവരി പരീക്ഷയുടെ (2008 സ്കീം – സപ്ലിമെന്ററി (2012 അഡ്മിഷൻ)/ പാർട് ടൈം/മേഴ്സി ചാൻസ് (2008, 2009, 2010, 2011 അഡ്മിഷനുകൾ), 2003 സ്കീം ട്രാൻസിറ്ററി വിദ്യാർത്ഥികൾ ഉൾപ്പെടെ) 2023 മെയ് 31 (ബുധനാഴ്ച) നടത്താനിരുന്ന ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് ബ്രാഞ്ചിലെ VLSI DESIGN (TA) എന്ന വിഷയം 2023 ജൂൺ 6 ചൊവ്വാഴ്ചയിലേക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ വിവിധ പഠനഗവേഷണ വകുപ്പുകളിലേക്ക് 2023 – 24 വർഷത്തെ പി.ജി., എം.ടെക്. അഡ്മിഷനായുള്ള പ്രവേശന പരീക്ഷയുടെ ടൈംടേബിൾ പുനഃക്രമീകരിച്ചു. മെയ് 22 മുതൽ ആരംഭിക്കുന്ന പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഹാൾടിക്കറ്റ് മെയ് 18 മുതൽ വെബ്സൈറ്റിൽ നിന്നും (admissions.keralauniversity.ac.in/css2023.) ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല നടത്തുന്ന നാല്, ആറ് സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (റീസ്ട്രക്ച്ചേർഡ്) എപ്രിൽ 2023 മേഴ്സി ചാൻസ് (2007 & 2009 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലെ ബി.എ/ബി.എ അഫ്സൽ – ഉൽ – ഉലാമ/ബി.കോം/ബി.കോം അഡീഷണൽ ഇലക്ടീവ് – കോപ്പറേഷൻ (ആന്വൽ സ്കീം) മെയ് 2023 പാർട്ട് മൂന്ന് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ജൂലൈ 3 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ MFA Painting and Sculputure Examination July 2023 പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ 15 വരെയും, 150 രൂപ പിഴയോടുകൂടി ജൂൺ 19 വരെയും, 400 രൂപ പിഴയോടുകൂടി ജൂൺ 22 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂൺ 5 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ B. Des Fashion Design June 2023 പരീക്ഷകൾക്കും 2023 ജൂൺ 22 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ B. Des Fashion Design June 2023 പരീക്ഷയ്ക്കും പിഴകൂടാതെ മെയ് 22 വരെയും, 150 രൂപ പിഴയോടുകൂടി മെയ് 24 വരെയും, 400 രൂപ പിഴയോടുകൂടി മെയ് 27 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മെയ് 31 ന് ആരംഭിക്കുന്ന ജർമ്മൻ ബി1, (ഡ്യൂഷ് ബി1) ജർമ്മൻ എ2, (ഡ്യൂഷ് എ2) പരീക്ഷയ്ക്ക് പിഴ കൂടാതെ മെയ് 23 വരെയും 150/- രൂപ പിഴയോടുകൂടി മെയ് 24 വരെയും 400/- രൂപ പിഴയോടുകൂടി മെയ് 25 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മെയ് 31 ന് ആരംഭിക്കുന്ന ജർമ്മൻ എ1, (ഡ്യൂഷ് എ1) പരീക്ഷകൾക്ക് പിഴ കൂടാതെ മെയ് 23 വരെയും 150/- രൂപ പിഴയോടുകൂടി മെയ് 24 വരെയും 400/- രൂപ പിഴയോടുകൂടി മെയ് 25 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരളസർവകലാശാല സ്പോർട്സ് സ്കോളർഷിപ്പ് വിതരണം

സൗത്ത് സോൺ/ഓൾ ഇന്ത്യാ അന്തർ സർവകലാശാല മത്സരങ്ങളിൽ കേരളസർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയ കായികതാരങ്ങൾക്കുള്ള 2021 – 22, ഖേലോ ഇന്ത്യ ഗെയിംസ് 2019 – 20 & 2021 – 22 അധ്യയന വർഷങ്ങളിലെ കേരളസർവകലാശാല സ്പോർട്സ് സ്കോളർഷിപ്പുകളുടെ വിതരണം 2023 മെയ് 20 ന് കേരളസർവകലാശാല ബാസ്കറ്റ്ബോൾ ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് നടത്തുന്നതാണ്. സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവരുടെ പേരുവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിലെ ന്യൂസ് ലിങ്കിൽ ലഭ്യമാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## സൗജന്യ യോഗ പരിശീലനം

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന 'പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ യോഗ തെറാപ്പി' കോഴ്സിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സൗജന്യ യോഗ പരിശീലനം നൽകുന്നു. 30 നും 60 ഇടയിൽ പ്രായമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും പങ്കെടുക്കാം. ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലനത്തിൽ അമിത രക്തസമ്മർദ്ദം, മാനസിക സമ്മർദ്ദം തുടങ്ങിയവയ്ക്ക് ആശ്വാസം നൽകുവാൻ സഹായിക്കുന്ന യോഗ പരിശീലനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പരിശീലന സമയം രാവിലെ 7.30 മുതൽ 8.30 വരെ.

മെയ് 25 ന് ആരംഭിക്കുന്ന പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ മെയ് 22 ന് വൈകുന്നേരം 5 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 9747701124.

## കേരളസർവകലാശാല യൂണിയൻ 2022–2023
## തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ മരവിപ്പിച്ചു

കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ നിന്നും യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറുടെ തെറ്റായ വിവരങ്ങൾ സർവകലാശാലയ്ക്ക് അയച്ചതിനെ തുടർന്നുണ്ടായ പരാതികളുടെ അടിസ്ഥാനത്തിൽ 2023 മെയ് 26 ന് നടത്താൻ നിശ്ചയിച്ചിരുന്ന കേരളസർവകലാശാല യൂണിയൻ (2022–2023) ഭാരവാഹികളുടെയും സെനറ്റ്/സ്റ്റുഡൻസ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെയും തെര

ഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട മുഴുവൻ നടപടിക്രമങ്ങളും മരവിപ്പിച്ച് ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തിരുവനന്തപുരം,
**17.05.2023.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**